


# ഉയിർപ്പു ഞായർ

യോഹ. 20:1-18 (Vol. 9, Issue 55)

ഫാ. ഫ്രാൻസിസ് ഇടക്കുടിയിൽ MCBS

ചരിത്രപ്രസിദ്ധമായ ഇംഗ്ലണ്ട്-ഫ്രാൻസ് യുദ്ധം നടക്കുന്നു. ഇംഗ്ലണ്ടിനെ നയിച്ചുകൊണ്ട് വെല്ലിംഗ്ടണും ഫ്രാൻസിനെ നയിച്ചുകൊണ്ട് നെപ്പോളിയനും യുദ്ധഭൂമിയിൽ പരസ്പരം നേരിട്ടു. അത്യുഗ്രമായ യുദ്ധം അരങ്ങേറി. ഇംഗ്ലീഷ് ചാനൽ കടന്നുവന്ന കപ്പലിൽ, യുദ്ധത്തെക്കുറിച്ചുള്ള വാർത്ത കൊടുത്തുവിട്ടു. കരയിൽ നിന്നും വളരെ ദൂരെയുള്ള കപ്പലിൽ നിന്നും ചില പ്രകാശസിഗ്നലുകൾ ഉപയോഗിച്ച് കരയിലേയ്ക്ക് വിവരം നൽകുകയായിരുന്നു. "Wellington Defeated" ഈ വാർത്ത കരയിലെത്തിയപ്പോഴേയ്ക്കും മൂടൽമഞ്ഞ് കപ്പലിന്റെ സിഗ്നലുകളെ മറച്ചു. Wellington Defeated എന്ന വാർത്ത ഇംഗ്ലണ്ടിൽ പരന്നു. രാജ്യം മുഴുവൻ ദുഃഖത്തിലാഴ്ന്നു. ഏതാനും മണിക്കൂറുകൾ കഴിഞ്ഞ് മൂടൽമഞ്ഞ് അപ്രത്യക്ഷമായി. കപ്പലിൽ നിന്നും വീണ്ടും സിഗ്നലുകൾ അയയ്ക്കാൻ തുടങ്ങി. പുതുതായി വന്ന വാർത്ത ഇപ്രകാരമായിരുന്നു; "Wellington Defeated the Enemy"എല്ലാവരുടെയും ദുഃഖം സന്തോഷമായി മാറി.

കാൽവരിയിലെ ദുഃഖം, കല്ലറയിലെ മൂന്ന് നാളുകളിലെ മൂടൽമഞ്ഞിനു ശേഷം ലോകത്തെ സന്തോഷിപ്പിച്ച ആ വാർത്ത ആയിരുന്നു "അവൻ ഇവിടെയില്ല; അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു" (ലൂക്കാ 24: 5).

ജീവിതം കല്ലറയ്ക്കുള്ളിലോ കാൽവരിയുടെ ദുഃഖപാരമ്യതയിലോ അവസാനിക്കുവാനുള്ളതല്ല എന്നും കേവലം നശ്വരമായ ഈലോകജീവിതത്തിനപ്പുറം മഹത്വപൂർണ്ണനായ ദൈവത്തെ ദർശിച്ചുകൊണ്ട് ഒരു ജീവിതമുണ്ടെന്നും ഓർമ്മപ്പെടുത്തിക്കൊണ്ട് വീണ്ടും ഒരു ഉയിർപ്പുതിരുനാൾ കൂടി ആഗതമായിരിക്കുകയാണ്. എല്ലാവർക്കും ഹൃദ്യമായ ഈസ്റ്റർ മംഗളങ്ങൾ ഏറെ സ്നേഹത്തോടെ നേരുന്നു.

ഒരിക്കൽ ഒരു അവിശ്വാസിയായ മനുഷ്യൻ ഇംഗ്ലീഷ് വചനപ്രഭാഷകനോട് പറഞ്ഞ വാക്കുകൾ ഇപ്രകാരമായിരുന്നു: "It is upon an empty tomb that christianity is founded." ഒരുകാലത്ത് ഫ്രഞ്ച് വിപ്ലവവും കമ്മ്യൂണിസവും ഒക്കെ വളർച്ച പ്രാപിച്ചപ്പോൾ "ദൈവം മരിച്ചു" എന്ന് പഠിപ്പിച്ചുകൊണ്ട് സർവ്വകലാശാലകളും മറ്റും മുന്നേറിയപ്പോൾ, ലോകത്ത് ഏറെ പ്രചരിപ്പിക്കപ്പെട്ടിട്ടുള്ളതും ശ്രദ്ധേയമായതുമായ പരസ്യവാചകം ഇപ്രകാരമായിരുന്നു: "My God is Alive, Sorry about Jesus."

മരണത്തിന്റെ അഗാധത്തിൽ നിന്നും ദൈവപുത്രൻ ഉയിർപ്പിക്കപ്പെട്ടു എന്നതിന്റെ തെളിവുകൾ പ്രധാനമായും മൂന്നെണ്ണമാണ്. ഒന്ന്: ശൂന്യമായ കല്ലറ (യോഹ. 20:1-10); രണ്ട്: ഉത്ഥിതനെ കണ്ട മനുഷ്യരുടെ സാക്ഷ്യങ്ങൾ (യോഹ. 20:18; ലൂക്കാ 24:10-23). മൂന്നാമതായി ഉത്ഥാനത്തിനു ശേഷം ജീവിതനവീകരണം സംഭവിച്ച വ്യക്തികളുടെ ജീവിതസാക്ഷ്യമാണ് (ശ്ലീഹന്മാർ, പൗലോസ്).

കൂടെയായിരുന്നപ്പോൾ ഈശോയെപ്രതി മരിക്കാൻപോലും തയ്യാറാവുകയും അപകടത്തിൽപ്പെട്ട നിമിഷം മുതൽ ഗുരുവിൽ നിന്നും ഓടിയൊളിക്കുകയും തങ്ങളുടെ ജീവനെപ്രതി ഭയത്തോടും വിറയലോടുംകൂടി ഒളിച്ചു കഴിയുകയും ചെയ്ത പത്രോസും കൂട്ടരും ഉത്ഥിതനിൽ നിന്നും ലഭിച്ച ജീവിതനവീകരണം വഴി അവനുവേണ്ടി മരിക്കുവാൻ പോലും തയ്യാറാകുന്നുവെന്നത് ശ്രദ്ധേയമായ കാര്യമാണ്. ക്രിസ്തുവിന്റെ ഉത്ഥാനം ക്രിസ്തുശിഷ്യരായ നമ്മുടെയും ജീവിതങ്ങളിൽ വരുത്തേണ്ട രൂപാന്തരീകരണമാണ്. ക്രിസ്തുവിന്റെ ഉത്ഥാനം ജീവിതനവീകരണത്തിനിടയാക്കി

യ മറ്റൊരു ശ്രദ്ധേയനായ വ്യക്തി പൗലോസ് അപ്പസ്തോലനായി മാറിയ സാവൂൾ ആയിരുന്നു. 200 വർഷങ്ങൾക്കു മുമ്പ് ജോർജ്ജ് ലിറ്റിൽടൺ എഴുതി, "പൗലോസ് ശ്ലീഹായുടെ ജീവിതം തന്നെയാണ് യേശുവിന്റെ ഉയിർപ്പിനുള്ള വലിയ തെളിവ്. ക്രിസ്ത്യാനികളെ പീഡിപ്പിച്ച സാവൂളിന്റെ മാനസാന്തരത്തിനുള്ള കാരണം ഡമാസ്കസിലേയ്ക്കുള്ള യാത്രാമദ്ധ്യേ ഉത്ഥിതനെ കണ്ടുമുട്ടിയതാണ്."

സ്നേഹം നിറഞ്ഞവരെ, പ്രത്യാശയും സന്തോഷവും കൊണ്ട് ജീവിതം നവീകരിക്കപ്പെടാൻ, ക്രിസ്തു നൽകുന്ന സമാധാനം ഹൃദയങ്ങളിൽ നിറയാൻ നമുക്ക് ഉത്ഥിതനായ യേശുവിനെ കണ്ടുമുട്ടണം. യോഹ. 20:1-ൽ കാണുന്നതുപോലെ ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ തന്റെ പ്രിയപ്പെട്ട ഗുരുവിനെ അന്വേഷിച്ചുപോയ മഗ്ദലേന മറിയം, ശവകുടീരത്തിന്റെ കല്ല് മാറ്റപ്പെട്ടിരിക്കുന്നതായും കല്ലറയ്ക്കു വെളിയിലെ തോട്ടത്തിൽ യേശുവിന്റെ സാന്നിധ്യം ദർശിച്ചതുപോലെ നമ്മുടെ ജീവിതങ്ങളിലും ഈ ഉയിർപ്പുതിരുനാൾ ഒരു പുതിയ ആത്മീയ ഉണർവ്വിന്റെ അവസരമാകണം. ഒരുപക്ഷെ, നമ്മുടെ ജീവിതമുഖത്ത് ചില കല്ലുകൾ അടഞ്ഞിരിക്കുന്നതു കൊണ്ടാവാം കല്ലറയുടെ ശോചനീയാവസ്ഥ ജീവിതത്തിലേയ്ക്ക് പടരുന്നത്.

മർക്കോ. 16: 3-ൽ സ്ത്രീകൾ ചോദിക്കുന്നത്: ആരാണ് നമുക്ക് വേണ്ടി കല്ലുരുട്ടി മാറ്റുക! യോഹ. 11:39-ൽ ഈശോ, ലാസറിന്റെ കല്ലറയ്ക്കരികിൽ നിന്ന് പറയുന്നുണ്ട്: ആ കല്ലെടുത്ത് മാറ്റുവിൻ! സനേഹമുള്ളവരെ, ഈ രണ്ട് വചനങ്ങളും നമ്മുടെ ജീവിതങ്ങളോട് ചേർത്തുവച്ച് ധ്യാനവിഷയമാക്കേണ്ടതുണ്ട്. ഈ നല്ല സുദിനത്തിൽ ഉത്ഥിതനായ യേശുവിന്റെ മുമ്പിൽ നമുക്ക് ഈ യാചന അർപ്പിക്കാം. കർത്താവേ, ഞങ്ങളുടെ ജീവിതത്തിൽ നിന്നും ഈ കല്ലുകളെ എടുത്തുമാറ്റേണമെ. ഒരുപക്ഷെ, നമ്മെ ദൈവത്തിൽ നിന്നും മറയ്ക്കുന്ന കല്ലുകൾ ഇവയാകാം. എന്റെ തിന്മ നിറഞ്ഞ ജീവിതം, ആത്മീയമായ മരവിപ്പ്, വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും ജീവിതം, മദ്യപാനം, ജഡീകാസക്തികൾ, ഇവയും ഈ ദൃശ്യമായ മറ്റേതു പ്രവർത്തികളുമാകാം. സ്നേഹമുള്ളവരെ, ജീവിതത്തെ കർത്താവിനു മുമ്പിൽ സമർപ്പിച്ച് ഇവയിൽ നിന്നും മോചനം നേടുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. ഈ ഈസ്റ്റർ സുദിനത്തിൽ എന്നല്ല, ഓരോ ദിനത്തിലും തന്റെ അടുക്കലേയ്ക്കണയുന്നവർക്ക് തമ്പുരാൻ തരുന്ന കൃപകളെക്കൂടി നമുക്ക് ഒരു നിമിഷം ധ്യാനവിഷയമാക്കാം.

ഇപ്രകാരം നമ്മുടെ ജീവിതത്തിലെ പാപബന്ധനങ്ങളാകുന്ന കല്ലുകൾ എടുത്തു മാറ്റുവാൻ നാം തയ്യാറായാൽ, അതിനുള്ള ആഗ്രഹം നമ്മിലുണ്ടായാൽ അതുമാത്രം മതി, ദൈവത്തിനു പ്രവർത്തിക്കാനുള്ള ഇടം നമ്മൾ അവിടെ ഒരുക്കിക്കൊടുക്കുകയാണ്. പിന്നീടെല്ലാം ദൈവത്തിന്റെ പ്രവൃത്തിയാണ്. അങ്ങനെ നമ്മുടെ ഈ എളിയജീവിതങ്ങളെ ദൈവത്തിന് പ്രവർത്തിക്കുവാനായി നാം വിട്ടുകൊടുക്കുമ്പോൾ അവിടുന്ന് അനേകം കൃപകൾ വർഷിക്കും എന്ന കാര്യം കൂടി മറക്കാതിരിക്കാം.

ഉത്ഥിതനായ ഈശോയുടെ ഏറ്റവും വലിയ സമ്മാനം (കൃപ) എന്നത് അവിടുന്ന് നൽകുന്ന സമാധാനമാണ്. അസ്വസ്ഥതയിലും നൈരാശ്യത്തിലും നമ്മുടെ വ്യക്തിജീവിതം മുങ്ങുമ്പോൾ അവിടുത്തെ പക്കൽ അഭയം തേടാം. ഈശോയുടെ മരണം, ശിഷ്യരെ ഭീരുക്കളാക്കിയെങ്കിൽ ഉത്ഥിതനായ ഈശോ ധൈര്യം നൽകിക്കൊണ്ട് അവർക്കിടയിലേയ്ക്ക് കടന്നുചെന്നതു പോലെ ജീവിതത്തെ ധൈര്യപൂർവ്വം അഭിമുഖീകരിക്കുവാൻ അവിടുന്ന് നമ്മോടൊപ്പം നിൽക്കും. അവിടുന്ന് പറയുന്നു: "നിങ്ങൾ ഭയപ്പെടേണ്ട." ഉത്ഥിതനായ ഈശോ, തന്റെ ശിഷ്യർക്ക് തിബേരിയാസിന്റെ തീരത്ത് പ്രാതലൊരുക്കി കാത്തുനിന്നതുപോലെ ഇന്നും ഓരോ വിശുദ്ധ കുർബാനയിലും നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞുകൊണ്ട് നമുക്കായി തന്നെത്തന്നെ പൂർണ്ണമായി നൽകാൻ അവിടുന്ന് നമ്മെയും കാത്തിരിക്കുന്നു. മഗ്ദലേനമറിയത്തിന് തോട്ടക്കാരന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട ഈശോ അവിടുത്തെ ആത്മാർത്ഥമായി അന്വേഷിക്കുന്നവർക്കു മുന്നിൽ ഒരുപക്ഷെ, ഓരോ സന്ദർഭങ്ങളിലും ഓരോ രൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെടാം.

ഉത്ഥിതനായ ഈശോ നമ്മുടെ കൂടെ വരുമ്പോൾ എമ്മാവൂസിലെ ശിഷ്യരുടെ എന്ന പോലെ നമ്മുടെ ഹൃദയവും ജ്വലിക്കും. ആത്മീയ ഉണർവ്വിന് കാരണമാകും. നമ്മുടെ പ്രിയപ്പെട്ട കർത്താവിനെ - ഉത്ഥിതനായ ഈശോയെ, നമുക്ക് മുമ്പിൽ ഓരോ ദിനവും ഈ അൾത്താരയിൽ അപ്പത്തിന്റെ രൂപത്തിൽ നമുക്ക് കണ്ടുമുട്ടാം.

ഏവർക്കും ഒരിക്കൽക്കൂടി ഉയിർപ്പു തിരുനാളിന്റെ എല്ലാ ആത്മീയാനുഗ്രഹങ്ങളും ഒത്തിരി സ്നേഹത്തോടെ നേരുന്നു.